**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5960** **09-07-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. പിരിച്ചെടുത്തതിന്റെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ആകെ എത്ര നികുതി പിരിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നികുതി വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ ലഭിച്ച ഐ.ജി.എസ്.ടി. വിഹിതം എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഈ ഇനത്തിൽ എത്ര തുക സംസ്ഥാനത്തിന് ലഭിക്കാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2017 ജൂലൈ മുതൽ 2024 ജൂൺ മാസം വരെ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക്ക് ഇനങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം____അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.<br><br>സംയോജിത ചരക്കു സേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരം ഇത് നടക്കുന്നു. ഓരോ ഐ.ജി.എസ്.ടി. സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് എസ്.ജി.എസ്.ടി. ആയി അടച്ച നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തിലേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഓൺലൈൻ മുഖേന നടക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഇടപാടുകളിൽ "പ്ലേസ് ഓഫ് |

| | | | |
|---|---|---|---|
| | | | സപ്ലൈ” സപ്ലയർ കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. ഇങ്ങനെ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കുന്നതിനായി, നിരവധി ട്രേഡ് സർക്കുലറുകളും, നിർദ്ദേശങ്ങളും സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (Trade Circular No. 6/2020 dated 16-06-2020, Trade Circular No. 1/2021 dated 30-01-2021, Trade Circular No. 1/2022 dated 21-11-2022).<br><br>2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരേയും ഇന്റലിജൻസ് വിഭാഗവും ടാക്സ്പെയേഴ്സ് സർവീസസ് വിഭാഗവും നിരീക്ഷിച്ചുവരുന്നു. ഐ.ടി.സി. റിവേഴ്സലുമായി ബന്ധപ്പെട്ട് നടത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച് നികുതിദായകർക്ക് പ്രതിവാര പരിശീലനം നടത്തുന്നുണ്ട്. കൂടാതെ, ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മേയിൽ ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർ സംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽ നിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട ഐ.ജി.എസ്.ടി. വിഹിതത്തിന്റെ വരവ് നിരീക്ഷിച്ചുവരുന്നു. പ്ലേസ് ഓഫ് സപ്ലൈ യുടെ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി. കൃത്യമായി കൈമാറുന്നില്ല എന്നത് പരിശോധിക്കണമെന്ന് ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നികുതി വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക്

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ജി.എസ്.ടി. (Provisional) |
|---|---|
| 2017-18 (2017 ജൂലൈ മുതൽ) | 12200.08 |
| 2018-19 | 21119.21 |
| 2019-20 | 20072.92 |
| 2020-21 | 19276.53 |
| 2021-22 | 23985.29 |
| 2022-23 | 29195.30 |
| 2023-24 | 30944.48 |
| 2024-25 (ജൂൺ വരെ) | 8189.87 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

2017 ജൂലൈ മുതൽ 2024 മേയ് മാസം വരെ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക്ക് ഇനങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് (Provisional) | ഐ.ജി.എസ്.ടി. അഡ്ഹോക്ക് (Provisional) | ആകെ |
|---|---|---|---|
| 2017-18 (2017 ജൂലൈ മുതൽ) | 6064.97 | 736.00 | 6800.97 |
| 2018-19 | 10114.93 | 2734.36 | 12849.29 |
| 2019-20 | 9926.19 | 693.52 | 10619.71 |
| 2020-21 | 9343.07 | 1596.11 | 10939.18 |
| 2021-22 | 12440.48 | 1657.79 | 14098.27 |
| 2022-23 | 15855.33 | 1028.23 | 16883.56 |
| 2023-24 | 16976.64 | 0 | 16976.64 |
| 2024-25 (2024 ജൂൺ വരെ) | 4343.99 | 0 | 4343.99 |

സെക്ഷൻ ഓഫീസർ